**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4059** **28-06-2024-ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളിലെ ചികിത്സ പിഴവുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ എത്ര ചികിത്സ പിഴവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതുമൂലം എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ ചികിത്സാ പിഴവുകൾ ആരോപിച്ച് 117 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ ഉൾപ്പെട്ടവരിൽ 11 രോഗികൾ ചികിത്സയ്ക്കിടെ മരണപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത കാലയളവിൽ ചികിത്സ പിഴവുകൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്മേൽ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഈ സർക്കാരിന്റെ കാലയളവിൽ ചികിത്സ പിഴവുകൾ സംബന്ധിച്ച് 11 റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

| നം. | പേര് | മെഡിക്കൽ കോളേജിന്റെ പേര് | ആരോപണം ഉന്നയിക്കപ്പെട്ടവർഷം | ചികിത്സാപ്പിഴവ് ആരോപണം സംബന്ധിച്ച വിശദാംശം | നടപടി |
|---|---|---|---|---|---|
| 1 | രാജൻ | കോഴിക്കോട് | 2021 | മരണപ്പെട്ടു | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 04/06/2024 – ലെ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| 2 | ഹർഷിന | കോഴിക്കോട് | 2022 | ശസ്ത്രക്രിയ ഉപകരണം ശരീരത്തിൽ കുടുങ്ങി | 30.03.2023 ലെ GO(MS)No. 79/2023/H&FWD പ്രകാരം ആഭ്യന്തര വകുപ്പിനെ കൊണ്ട് തുടരന്വേഷണം നടത്തുവാൻ അനുമതി നൽകുകയും അന്വേഷണം നടന്നുവരികയും ചെയ്യുന്നു. 05.04.2023 ലെ GO(Rt)No. 1474/2023/RD പ്രകാരം മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 11.12.2023 ലെ GO(Ms)No. 339/2023/H&FWD പ്രകാരം കുറ്റാരോപിതനായ ഡോക്ടറേയും നേഴ്സിംഗ് ഓഫീസറെയും സ്റ്റാഫ് നേഴ്സിനേയും Prosecute ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. |
| 3 | സുശീലദേവി | എറണാകുളം | 2022 | മരണപ്പെട്ടു | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും സർക്കാർ ആവശ്യപ്പെട്ട പുനരന്വേഷണത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 4 | ലിഷമോൾ | കോട്ടയം | 2022 | മരണപ്പെട്ടു | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | | | 06/06/2024 – ലെ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| 5 | സജിത | ആലപ്പുഴ | 2022 | ഇരട്ട നവജാത ശിശുക്കളുടെ മരണം | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 02.02.2023 – ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചികിത്സ പിഴവ് മൂലമല്ല മരണം സംഭവിച്ചത് എന്ന് കണ്ടെത്തിയതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. |
| 6 | സ്വപ്ന | തിരുവനന്തപുരം | 2023 | സർജ്ജറി ചെയ്തശേഷം മുറിവ് തുന്നികെട്ടാത്തത് | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 25.02.2024 – ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7 | വിൽസൺ | എറണാകുളം | 2023 | മരണപ്പെട്ടു | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 13/06/2024– ലെ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 8 | അനറ്റ് | തൃശ്ശൂർ | 2023 | കുട്ടിയുടെ മരണം | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 9 | സിന്ധു ജയപ്രകാശ് | ആലപ്പുഴ | 2023 | ചികിത്സാ പിഴവ് | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 10 | ഉമൈബ | ആലപ്പുഴ | 2024 | മരണപ്പെട്ടു | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 22.05.2024 - ലെ കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| 11 | സുകന്യ | തിരുവനന്തപുരം | 2024 | നവജാത ശിശുവിന്റെ മരണം, | നവജാത ശിശു മരണപ്പെടാൻ ഇടയായ സാഹചര്യം മനസിലാക്കുവാൻ നിയോനറ്റോളജി, ഫോറൻസിക് മെഡിസിൻ, ഗൈനക്കോളജി വിഭാഗങ്ങളിൽ വിദഗ്ദരെ ഉൾപ്പെടുത്തി പഠനം നടത്തേണ്ട ആവശ്യകത ഉണ്ട് എന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 09.05.2024 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 12 | ആയിഷ റുവ | കോഴിക്കോട് | 2024 | അവയവം മാറി ശസ്ത്രക്രിയ | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 25.05.2024 - ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. കുറ്റാരോപിതനായ ഡോക്ടറെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 13 | ഷിബിന | ആലപ്പുഴ | 2024 | പ്രസവാനന്തര ചികിത്സക്കിടെ യുവതിയുടെ മരണം | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 22.05.2024 - ലെ കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

| | | | | | |
|---|---|---|---|---|---|
| 14 | ആശ ശരത് | ആലപ്പുഴ | 2024 | മരണപ്പെട്ടു | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |